പരിധിവരെയെങ്കിലും പരിഹരിക്കുന്നതിനായി സിഡ്കോയുടെ വിപണന വിഭാഗം മണലിന്റെ വിതരണം സുഗമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സിമന്റ്, കമ്പി എന്നിവ ശേഖരിച്ച് സിഡ്കോ വിതരണം ചെയ്യുന്നുണ്ട്. സിമന്റ് ബ്ലോക്കുകൾ, പെയിന്റ്, റെഡിമിക്സ് മോർട്ടാർ എന്നിവ വിതരണം ചെയ്യാനും നടപടികൾ സ്വീകരിച്ചുവരുന്നു. ക്രഷർ ഉല്പന്നങ്ങളുടെ വില വർദ്ധനവുമായി ബന്ധപ്പെട്ട് കേരള സിമന്റ് ബ്ലോക്ക് മാനുഫാക്ചറിംഗ് അസോസിയേഷൻ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ മീറ്റിംഗ് വിളിച്ചു ചേർക്കുകയും സാധ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും അതിനനുസരിച്ച് ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു. 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ അനുസരിച്ച് മൈനിംഗ് & ജിയോളജി വകുപ്പിൽനിന്നാണ് പെർമിറ്റുകൾ നിയമാനുസൃതം നൽകി വരുന്നുണ്ട്.

(സി) സിമന്റ് കമ്പനികൾ വില കൂട്ടുന്നത് തടയുന്നതിനായി 5-2-15-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരള, തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിലെ സിമന്റ് നിർമ്മാതാക്കളുമായി ചർച്ച നടത്തി. അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സിമന്റിന് 300/- രൂപയും നിലവിലെ വില 380 രൂപയുമാണ്.

(ഡി) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ ലഭ്യമല്ല.

(ഇ) സിഡ്കോ സംസ്ഥാനത്തിന് പുറത്തുനിന്നും മണൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡ്, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് ആവശ്യമായ മെറ്റലിന്റെ 50% സിഡ്കോ വഴി വിതരണം ചെയ്യുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഖനന നയം

227 (3381) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. ശശി :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ഖനന നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഖനനത്തിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നത് മുഖ്യലക്ഷ്യമാക്കിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് പ്രധാനമായും ഏതൊക്കെയാണ് ഖനനം ചെയ്യുന്നത്; വ്യാപകമായ ഖനനം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് നിയന്ത്രിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ പുതുക്കി പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇല്ല. പാരിസ്ഥിതിക പ്രശ്നങ്ങൾകൂടി പരിഗണിച്ചുകൊണ്ടു മാത്രമേ ഖനനാനുമതി നൽകുകയുള്ളൂ. ഖനനത്തിലൂടെ വരുമാനം വർദ്ധിപ്പിക്കുകയെന്നത് മുഖ്യ ലക്ഷ്യമല്ല.

(സി) കരിമണൽ, കരിങ്കല്ല്, ചെങ്കല്ല്, സാധാരണ മണ്ണ്, സാധാരണ കളിമണ്ണ്, സാധാരണ മണൽ, ഫെനാക്കൈറ്റ്, അലൂമിനസ് ലാറ്ററൈറ്റ്, സിലിക്കാ മണൽ, ചുണ്ണാമ്പുകല്ല്, കക്ക എന്നിവയാണ് പ്രധാനമായും ഖനനം ചെയ്യുന്നത്. അനിയന്ത്രിതമായ ഖനനം പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഖനനത്തിന് പുതിയ പെർമിറ്റുകൾ അനുവദിക്കുന്നതിന് മൈനിംഗ് പ്ലാനും പാരിസ്ഥിതികാനുമതിയും നിർബന്ധമാണ്.

പാറവില വർദ്ധനവ്

228 (T* 3382) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറവില ക്രമാതീതമായി വർധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി ഇല്ലാതെ പാറവില വർധിപ്പിക്കരുതെന്ന നിർദ്ദേശം നടപ്പിലാവാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏകീകൃത പാറവില ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാറവില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പാറവില നിയന്ത്രണം സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും സർക്കാർ നൽകിയിട്ടില്ല.

* T മാർക്ക് ചെയ്ത ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly